## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1567 21-03-2012-ലെ മറുപടിക്ക്

## നെൽവയലുകൾ നികത്തുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ വ്യാപകമായി നെൽവയലുകൾ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ കൃഷിവകുപ്പ് തയ്യാറാകുമോ ; | (ബി) നെൽവയൽ നികത്തുന്നതിനെതിരെ കൃഷി വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് |
| (സി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | (സി) നിലം നികത്തുന്നത് തടയുന്നതിനായി പഞ്ചായത്ത് തലത്തിൽ നിരീക്ഷണ സമിതികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ അനധികൃതമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കൃഷി ഓഫീസർ റവന്യൂ അധികൃതരെ അറിയിക്കുകയും ആർ.ഡി.ഒയും ജില്ലാകളക്ടറും ആയതിനെതിരെ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ഡി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നെല്ലുസംഭരണം ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) സംസ്ഥാന സർക്കാർ നിലവിൽ കിലോയ്ക്ക് 15 രൂപാ നിരക്കിലാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ലു സംഭരണം നടപ്പിലാക്കി വരുന്നത്. നെല്ലു സംഭരണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചുകൊണ്ട് 17-2-2012ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 31/2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ